നടപ്പിലാക്കാൻ കഴിയാതിരുന്ന പദ്ധതികൾ

214 (599) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ മുൻ ബഡ്ജറ്റുകളിൽ പൊതുമേഖലാ, ചെറുകിട മേഖല, പരമ്പരാഗത മേഖലകളിൽ പ്രഖ്യാപിച്ചതും ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) മുൻ ബഡ്ജറ്റുകളിൽ വ്യവസായമേഖലയിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ നിർവ്വഹണ പുരോഗതി പരിശോധിക്കാറുണ്ടോ; പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ എത്ര; അവയിൽ സാക്ഷാത്കരിച്ചവ എത്ര;

(സി) ധനകാര്യ വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കാതിരുന്നതിനാൽ ഏതെങ്കിലും പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സാദ്ധ്യമാകാതിരുന്നിട്ടുണ്ടോ; അവ ഏതൊക്കെ;

(ഡി) ബഡ്ജറ്റുകളിൽ വ്യവസായത്തിന് വകയിരുത്തിയ തുകയിൽ ഓരോ വർഷവും പിൻവലിക്കാൻ കഴിയാതിരുന്നവ എത്ര വീതമായിരുന്നു?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എന്റർപ്രണർ സപ്പോർട്ട് സ്കീം

215 (600) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റർപ്രണർ സപ്പോർട്ട് സ്കീം പ്രകാരം ഉദ്പാദനമേഖലയിൽ നൽകുന്ന സബ്സിഡി സേവനമേഖലയിൽക്കൂടി നൽകുവാൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സബ്സിഡി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ ഉൽപാദന മേഖലയിൽ പ്രവൃത്തിക്കുന്ന സംരംഭകർക്കാണ് സബ്സിഡി നൽകിവരുന്നത്. സേവന മേഖലയിലെ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിന് "സ്റ്റാർട്ട് അപ് സബ്സിഡി" നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly